# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4860 18.12.2014-ൽ മറുപടിക്ക്**

**<u>കൊരടി ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി നടപടി</u>**

| <u>ചോദ്യം</u><br>ശ്രീ.ബി.ഡി. ദേവസ്സി | <u>ഉത്തരം</u><br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരടി ജംഗ്ഷനിൽ നാലു വരിപ്പാതയുടെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നിലവിൽ ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്കും, അപകട സാധ്യതകളും ഒഴിവാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് അറിയിക്കാമോ; | (എ) കൊരട്ടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തോടനുബന്ധിച്ച് അപ്രോച്ച് റോഡ് നാഷണൽ ഹൈവേയിൽ ചേരുന്ന ജംഗ്ഷൻ വിപുലീകരിച്ച് നിർമ്മിച്ചിട്ടുണ്ട്. |
| (ബി) മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ മേൽപ്പാലത്തിൽ നടപ്പാത നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ മേൽപ്പാലത്തിൽ കാൽനടക്കാർക്കു വേണ്ടി റെയിൽവേ ഭാഗത്തിന് ഇരുവശവും ആയി ചവിട്ടുപടികൾ നിർമ്മിക്കുന്നത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രോച്ച് ഭാഗത്ത് റെയിൽവേയുടെ അടുത്തുള്ള 2 സ്പാനുകൾ ഒഴികെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞതാണ്. ആയതിനാൽ പുതിയതായി നടപ്പാത കൂട്ടിച്ചേർക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ